പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2233 — 11.02.2020 ൽ മറുപടിയ്ക്ക്

**കീരംപാറ പഞ്ചായത്തിലെ നാട്ടുകാണി പ്രദേശത്ത് പുതിയ മാവേലിസ്റ്റോർ**

ചോദ്യം

ശ്രീ.ആന്റണി ജോൺ

ഉത്തരം

ശ്രീ. പി. തിലോത്തമൻ

(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിൽ കീരംപാറ പഞ്ചായത്തിലെ നാട്ടുകാണി പ്രദേശത്ത് പുതിയ മാവേലിസ്റ്റോർ ആരംഭിക്കുന്നതിനു വേണ്ടി പ്രദേശവാസികൾ നല്കിയ നിവേദനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | ഉണ്ട്. കോതമംഗലം മണ്ഡലത്തിലെ കീരംപാറ പഞ്ചായത്തിലെ നാട്ടുകാണി പ്രദേശത്ത് സപ്ലൈകോ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് ലഭ്യമായ അപേക്ഷയിൽ സപ്ലൈകോ എറണാകുളം മേഖലാ മാനേജർ മുഖാന്തിരം ആവശ്യമായ സാധ്യതാ പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാധ്യതാ പഠന റിപ്പോർട്ട് വിശകലനം ചെയ്ത് വിൽപ്പന സാധ്യത, ലാഭ നഷ്ടത്തിന്റെ തോത്, നിലവിലെ സർക്കാർ മാനദണ്ഡങ്ങൾ പ്രകാരമുള്ള വാടക രഹിത കെട്ടിടത്തിന്റെയും അനുബന്ധ സൗകര്യങ്ങൾക്കായുള്ള ഫണ്ടിന്റെയും ലഭ്യത, ആവശ്യമായ ജീവനക്കാരുടെ ലഭ്യത എന്നീ ഘടകങ്ങളുടെയെല്ലാം അടിസ്ഥാനത്തിൽ മാത്രമാണ് പുതിയ വിൽപ്പനശാലകൾ ആരംഭിക്കാനാവുക. |
| (ബി) | കോതമംഗലം മണ്ഡലത്തിൽ കീരംപാറ പഞ്ചായത്ത്, കവളങ്ങാട്ട് പഞ്ചായത്ത്, കോതമംഗലം മുൻസിപ്പാലിറ്റി എന്നിവയുടെ സംഗമസ്ഥലം കൂടിയായ നാട്ടുകാണി പ്രദേശത്ത് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നത് പരിശോധിക്കാമോ; | | |
| (സി) | കീരംപാറ, കവളങ്ങാട് പഞ്ചായത്തുകളിലേയും കോതമംഗലം മുൻസിപ്പാലിറ്റിയിലേയും അയ്യായിരത്തോളം വരുന്ന സാധാരണക്കാരായ കുടുംബങ്ങൾക്ക് വലിയ പ്രയോജനം ലഭ്യമാക്കുന്നതിനാൽ നാട്ടുകാണി പ്രദേശത്ത് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നത് പരിഗണിക്കാമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ